**കേരള സർക്കാർ**

സംഗ്രഹം

കണ്ണൂർ ജില്ലയിലെ ആറളം വൈൽഡ് ലൈഫ് ഡിവിഷന് വൈൽഡ് ലൈഫ് വാർഡന്റെ പേരിൽ ഇരിട്ടി സബ്ട്രഷറിയിൽ നിലവിലുള്ള പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **6823/2017/ധന.** തിരുവനന്തപുരം, തീയതി **30.08.2017**

പരാമർശം - 1. സ.ഉ. (സാധാ) നം. 9957 /2016/ധന. തീയതി 24.12.2016.

2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 03.04.2017 ലെ ഡബ്ളിയു. എൽ 7-47742/16 നമ്പർ കത്ത്

3. ആറളം വൈൽഡ് ലൈഫ് വാർഡന്റെ 30.06.2017 ലെയും 02.08.2017 ലെയും എ 1-2103/14 നമ്പർ കത്തുകൾ

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ആറളം വൈൽഡ് ലൈഫ് ഡിവിഷന്റെ സ്റ്റീൽ ഫെൻസിംഗ് നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണെന്നും അന്തിമ തുക നൽകുവാൻ ബാക്കിയുണ്ട് എന്നും കൂടാതെ ബില്ലുകളിൽ നിന്ന് പിടിച്ചിട്ടുള്ള റിട്ടെൻഷൻ തുക ഗ്യാരന്റി പിരീയഡിനു ശേഷം മാത്രമേ തിരികെ നൽകുവാൻ നിർവ്വാഹമുള്ളുവെന്നും അതിനാൽ വൈൽഡ് ലൈഫ് വാർഡന്റെ പേരിൽ ഇരിട്ടി സബ്ട്രഷറിയിൽ നിലവിലുള്ള പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് 31.03.2019 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 2 ലെ കത്ത് പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കണ്ണൂർ ആറളം വൈൽഡ് ലൈഫ് വാർഡന്റെ പേരിൽ ഇരിട്ടി സബ്ട്രഷറിയിൽ നിലവിലുള്ള പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ കാലാവധി, ഇനിയും ദീർഘിപ്പിച്ചുതരുന്നതല്ല എന്നും 31.03.2018 നുശേഷം ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ് എന്നുമുള്ള നിബന്ധകൾക്ക് വിധേയമായി 31.03.2018 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, ഇരിട്ടി, കണ്ണൂർ
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
ഫോറസ്റ്റ് & വൈൽഡ് ലൈഫ് വകുപ്പ് ( e-file No. FWLD-D1/139/2017-FWLD പ്രകാരം)
ധനകാര്യ (അഗ്രി-B) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ